……………….. ഗ്രാമപഞ്ചായത്ത്/ നഗരസഭ

## പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് ബൈലാ

കേന്ദ്ര ഗവൺമെന്റ് പുറപ്പെടുവിച്ച 2016 ലെ പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് ചട്ടങ്ങളിലെ ചട്ടം 6(4)ഉം, 12(3) ഉം , 1994 ലെ കേരളാ പഞ്ചായത്ത് രാജ് ആക്ട് (1994 ലെ 13-ാം ആക്ട്) 219 ഡബ്ല്യൂ, 219 എക്സ് വകുപ്പുകളോട് 256-ാം വകുപ്പ് / 1994 ലെ കേരളാ മുൻസിപ്പൽ ആക്ട് (1994 ലെ 12-ാം ആക്ട്) 334, 340 വകുപ്പുകളോട് 567-ാം വകുപ്പ് കൂട്ടി വായിച്ച പ്രകാരം നിക്ഷിപ്തമായിട്ടുള്ള അധികാരം വിനിയോഗിച്ച് …………… ഗ്രാമപഞ്ചായത്ത് / നഗരസഭ തയ്യാറാക്കിയ കരട് ബൈലാ ………….. തീയതിയിലെ ……………… നമ്പർ തീരുമാന പ്രകാരം …………… ഗ്രാമപഞ്ചായത്ത് / നഗരസഭ അംഗീകരിക്കുകയും ……………… തീയതിയിലെ ………… നമ്പർ നോട്ടീസ് പ്രകാരം ആക്ഷേപങ്ങളും അഭിപ്രായങ്ങളും അറിയിക്കുന്നതിന് 30 ദിവസത്തെ സമയം നൽകി പ്രസിദ്ധീകരിക്കുകയും നിശ്ചിത ദിവസത്തിനകം ലഭിച്ച ആക്ഷേപങ്ങൾ പരിശോധിച്ചതിൽ /യാതൊരു ആക്ഷേപവും അഭിപ്രായവും ലഭ്യമാകാത്ത സാഹചര്യത്തിൽ ………… തീയതിയിലെ …………… നമ്പർ തീരുമാനപ്രകാരം ………………… ഗ്രാമപഞ്ചായത്ത് / നഗരസഭ അംഗീകരിച്ച ബൈലാ

1. ചുരുക്കപ്പേര് - ഈ ബൈലാ 2017 ലെ ………………. ഗ്രാമപഞ്ചായത്ത്/ നഗരസഭ പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് ബൈലാ എന്ന പേരിൽ അറിയപ്പെടും.
2. ആരംഭം - ബൈലാ പ്രസിദ്ധീകരിക്കുന്ന തീയതി മുതൽ നടപ്പിൽ വരുന്നതാണ്.
3. വ്യാപ്തി - ഈ ബൈലായുടെ വ്യാപ്തി ……………… ഗ്രാമപഞ്ചായത്തിന്റെ / നഗരസഭ യുടെ മുഴുവൻ ഭാഗങ്ങളിലും അതിർത്തിക്കുള്ളിലുമായിരിക്കും
4. നിർവ്വചനങ്ങൾ:- ഈ ബൈലാ സന്ദർഭം മറ്റു വിധത്തിൽ
   1) ആവശ്യപ്പെടാത്തപക്ഷം
      എ) ''റൂൾ'' എന്നാൽ കേന്ദ്ര ഗവൺമെന്റ് പുറപ്പെടുവിച്ച പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് റൂൾസ് 2016 എന്നാകുന്നു.
      ബി) ''സെക്രട്ടറി'' എന്നാൽ …………… ഗ്രാമപഞ്ചായത്ത്/നഗരസഭ സെക്രട്ടറി എന്നർത്ഥമാകുന്നു.
      സി) ''വർഷം'' എന്നാൽ സാമ്പത്തിക വർഷം എന്നാകുന്നു.
      ഡി) ''വാർഡ് സാനിറ്റേഷൻ കമ്മിറ്റി '' എന്നാൽ വാർഡ് മെമ്പർ ചെയർമാനായും, പഞ്ചായത്ത് /നഗരസഭ ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥൻ കൺവീനറായി ഉള്ളതും പൊതു പ്രവർത്തകരിൽ നിന്നും ഗ്രാമപഞ്ചായത്ത്/ നഗരസഭ നിശ്ചയിക്കുന്ന അംഗങ്ങളും കൂടി ചേർന്നുള്ള വാർഡുതല കമ്മിറ്റി.
      ഇ) ''ഉറവിടം'' എന്നാൽ പ്ലാസ്റ്റിക് മാലിന്യം കണ്ടെത്തുന്നതോ ഉണ്ടാകുന്നതോ പൊതുവായതോ സ്വകാര്യമായതോ ആയ സ്ഥലം

2) ഈ ബൈലായിൽ ഉപയോഗിച്ചിട്ടുള്ളതും പക്ഷെ പ്രത്യേകം നിർവ്വചിച്ചിട്ടില്ലാത്തതുമായ വാക്കുകൾക്ക് യഥാക്രമം 1986 ലെ കേന്ദ്ര പരിസ്ഥിതി സംരക്ഷണ നിയമം, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം/ കേരള മുൻസിപ്പാലിറ്റി നിയമം, 2016 ലെ പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് റൂൾസ് എന്നിവയിലും നൽകിയിട്ടുള്ള അർത്ഥം ഉണ്ടായിരിക്കുന്നതാണ്.

5. .............. ഗ്രാമ പഞ്ചായത്തിന്റെ/ നഗരസഭയുടെ പരിധിക്കുള്ളിൽ നിയമത്തിലെയോ ചട്ടത്തിലെയോ ഈ ബൈലായിലെയോ നിബന്ധനകൾക്ക് വിധേയമല്ലാതെ ഏതൊരാളും പ്ലാസ്റ്റിക് ഉൽപന്നങ്ങൾ നിർമ്മിക്കാനോ സൂക്ഷിക്കാനോ വിൽക്കാനോ തരംതിരിക്കാനോ കൊണ്ടു പോകാനോ പുനചംക്രമണം നടത്താനോ കയ്യൊഴിയാനോ പാടുള്ളതല്ല.

6. ................ ഗ്രാമപഞ്ചായത്ത് /നഗരസഭ പ്രദേശത്ത് 2016 ലെ പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് റൂൾസ്, ചട്ടം 4 ൽ പ്രതിപാദിച്ച 50 (അമ്പത്) മൈക്രോണിൽ താഴെ കനമുള്ള പ്ലാസ്റ്റിക് ക്യാരിബാഗിന്റെ ഉൾപ്പെടെ പ്ലാസ്റ്റിക് ഉൽപ്പന്നങ്ങളുടെ വിൽപന, നിർമ്മാണം, വിതരണം, ഉപയോഗം എന്നിവ നിരോധിച്ചിരിക്കുന്നു.

7. ................ ഗ്രാമപഞ്ചായത്ത് /നഗരസഭ പ്രദേശത്ത് തെർമോക്കോൾ പ്ലേറ്റുകൾ, പ്ലാസ്റ്റിക്/മെഴുക് എന്നിവ ഉപയോഗിച്ച് നിർമ്മിച്ചതോ ആവരണം ചെയ്തതോ ആയ പേപ്പർ ഇലകൾ, ഡിസ്പോസിബിൾ പ്ലേറ്റുകൾ, ഡിസ്പോസിബിൾ ടംബ്ലറുകൾ, റീസൈക്കിൾ ചെയ്യാൻ പറ്റാത്ത ഫ്ളക്സുകൾ എന്നിവയുടെ നിർമ്മാണം, ഉപയോഗം, വിൽപന, വിതരണം എന്നിവ നിരോധിച്ചിരിക്കുന്നു.

8. ................ ഗ്രാമപഞ്ചായത്ത് /നഗരസഭ പ്രദേശത്ത് വഴിയോര കച്ചവടക്കാർ ഉൾപ്പെടെയുള്ള കച്ചവടക്കാർ ഗ്രാമപഞ്ചായത്ത് /നഗരസഭ പുറപ്പെടുവിക്കുന്ന ബൈലാ പ്രകാരവും 2016 ലെ പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് റൂൾസ് പ്രകാരവും നിരോധിച്ചിട്ടില്ലാത്ത പ്ലാസ്റ്റിക് ക്യാരി ബാഗുകൾ സൗജന്യമായി നൽകാൻ പാടില്ലാത്തതും ഈ ബൈലായുടെ അനുബന്ധം ഒന്നിൽ നിശ്ചയിച്ചിട്ടുള്ള വില ഈടാക്കേണ്ടതുമാണ്.

9. പ്ലാസ്റ്റിക് ക്യാരിബാഗിൽ ഏതെങ്കിലും സാധനങ്ങൾ കൊണ്ടു പോകുന്നതിനോ പ്ലാസ്റ്റിക് ക്യാരിബാഗ് മാത്രമായോ നൽകുകയോ വിൽക്കുകയോ ചെയ്യുന്ന വഴിയോര കച്ചവടക്കാർ ഉൾപ്പെടെയുള്ള കച്ചവടക്കാർ/ സ്ഥാപനങ്ങൾ ഈ ബൈലായുടെ അനുബന്ധം രണ്ടിൽ നിശ്ചയിച്ചിട്ടുള്ള ഫോറത്തിൽ ഓരോ വർഷത്തിലും ഗ്രാമപഞ്ചായത്തിൽ /നഗരസഭയിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്. ഇപ്രകാരം രജിസ്ട്രേഷൻ നടത്തിയവർ 2016 ലെ പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് റൂൾസിൽ വ്യവസ്ഥ ചെയ്തിട്ടുള്ള മാനദണ്ഡപ്രകാരമുള്ള ഉൽപ്പന്നങ്ങൾ മാത്രമേ നൽകാൻ പാടുള്ളു. ഇത്തരത്തിൽ രജിസ്റ്റർ ചെയ്യുന്നവർ രജിസ്ട്രേഷൻ ഫീസായി പ്രതി മാസം നാലായിരം രൂപ എന്ന നിരക്കിൽ തുക ഒടുക്കേണ്ടതാണ്. രജിസ്ട്രേഷൻ കാലയളവിലേക്കുള്ള തുക ഒറ്റത്തവണയായി ഒടുക്കേണ്ടതാണ്.

10. ചുരുങ്ങിയത് ഒരു മാസം എന്ന വ്യവസ്ഥക്ക് വിധേയമായി ഒരു വർഷത്തിൽ കുറഞ്ഞ കാലയളവിലേക്കും രജിസ്റ്റർ ചെയ്യാവുന്നതാണ്.

11. ഇപ്രകാരം രജിസ്റ്റർ ചെയ്യുന്നവർക്ക് ഈ ബൈലായുടെ അനുബന്ധം മൂന്നിൽ നിശ്ചയിച്ചിട്ടുള്ള ഫോറത്തിൽ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് സെക്രട്ടറി നൽകേണ്ടതും ആയത് ബന്ധപ്പെട്ട സ്ഥാപനത്തിൽ സ്ഥാപന ഉടമ പ്രദർശിപ്പിക്കേണ്ടതുമാണ്.
12. രജിസ്ട്രേഷൻ സംബന്ധിച്ച വിവരങ്ങൾ ഈ ബൈലായുടെ അനുബന്ധം നാലിൽ നിശ്ചയിച്ചിട്ടുള്ള ഫോറത്തിൽ സെക്രട്ടറി തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.
13. ആദ്യമായി രജിസ്റ്റർ ചെയ്യുന്നവർ പ്രവർത്തനം തുടങ്ങുന്നതിന് പത്ത് ദിവസം മുമ്പും രജിസ്ട്രേഷൻ ഉള്ളവർ അടുത്ത വർഷത്തേക്ക്/മാസത്തേക്ക്, വർഷാരംഭത്തിന്/മാസാരംഭത്തിന് പത്ത് ദിവസം മുമ്പും രജിസ്റ്റർ ചെയ്യേണ്ടതാണ്. ഈ ബൈലാ നിലവിൽ വരുമ്പോൾ ഈ പ്രവർത്തനം നടത്തുന്നവർ ഈ ബൈലാ നിലവിൽ വന്ന് മുപ്പത് ദിവസത്തിനകം രജിസ്റ്റർ ചെയ്യേണ്ടതാണ്. എന്നാൽ ഈ ബൈലാ നിലവിൽ വന്ന തീയതി മുതലുള്ള രജിസ്ട്രേഷൻ ഫീസ് ഒടുക്കേണ്ടതാണ്.
14. രജിസ്ട്രേഷൻ ഇല്ലാതെ ക്യാരിബാഗുകൾ വിൽക്കുകയോ നൽകുകയോ ചെയ്യുന്ന പക്ഷം ഉത്തരവാദിയളായവർക്കെതിരെ ചുരുങ്ങിയത് നാലായിരം രൂപ എന്ന വ്യവസ്ഥക്ക് വിധേയമായി പതിനായിരം രൂപ വരെ പിഴ ചുമത്താൻ സെക്രട്ടറിക്ക് അധികാരമുണ്ടായിരിക്കുന്നതാണ്.
15. വ്യാപാര സ്ഥാപനങ്ങളിൽ പൊതുജനങ്ങൾ കാണത്തക്കവിധത്തിൽ പ്രാദേശിക ഭാഷയിലും, ഇംഗ്ലീഷ് ഭാഷയിലും പ്ലാസ്റ്റിക് ക്യാരിബാഗുകൾ/കവറുകൾ സൗജന്യമായി ഉപഭോക്താക്കൾക്ക് ലഭിക്കുന്നതല്ല എന്ന ബോർഡ് എഴുതി പ്രദർശിപ്പിക്കേണ്ടതാണ്.
16. 2016 ലെ പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് റൂൾസിലെയോ ഈ ബൈലായിലെയോ വ്യവസ്ഥകൾ പ്രകാരം അനുവദനീയമല്ലാത്ത പ്ലാസ്റ്റിക് ഉൽപ്പന്നങ്ങളുടെ നിർമ്മാണം, വിൽപന, വിതരണം, ഉപയോഗം, ശേഖരണം എന്നിവ നടത്തുന്നവർക്കെതിരെ ചുരുങ്ങിയത് നാലായിരം രൂപ എന്ന വ്യവസ്ഥക്ക് വിധേയമായി പതിനായിരം രൂപ വരെ പിഴ ചുമത്താൻ സെക്രട്ടറിക്ക് അധികാരമുണ്ടായിരിക്കുന്നതാണ്.
17. റീസൈക്കിൾ ചെയ്ത പ്ലാസ്റ്റിക് ഉപയോഗിച്ച് നിർമ്മിച്ച ക്യാരിബാഗുകളിലും കവറുകൾ, കണ്ടെയിനറുകൾ, പാത്രങ്ങൾ എന്നിവയിലും ഭക്ഷണാവശ്യത്തിന് തയ്യാറാക്കിവെച്ച ഭക്ഷണ സാധനങ്ങളോ പാനീയങ്ങളോ, സൂക്ഷിക്കാനോ വിതരണം ചെയ്യാനോ പാക്ക് ചെയ്യാനോ പാടുള്ളതല്ല.
18. 2016 ലെ പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് റൂൾസിൽ വ്യവസ്ഥ ചെയ്തിരിക്കുന്ന പ്രകാരം എല്ലാ ക്യാരിബാഗിലും പാക്കിംഗ് ചെയ്യാനുള്ള കവറിലും ഉൽപാദകന്റെ പേര്, രജിസ്ട്രേഷൻ നമ്പർ, എത്ര മൈക്രോൺ കനമുള്ളത്, റീസൈക്കിൾഡ്, പ്ലാസ്റ്റിക് ഇനം ഏത് മുതലായ വിവരങ്ങൾ രേഖപ്പെടുത്തിയിരിക്കേണ്ടതാണ്.
19. പ്ലാസ്റ്റിക് ഉൽപന്നങ്ങൾ നിർമ്മിക്കുകയും, സംഭരിക്കുകയും, വിൽപന നടത്തുകയും, ഉപയോഗിക്കുകയും ചെയ്യുന്ന വ്യക്തികൾ, വീടുകൾ, സ്ഥാപനങ്ങൾ, ഏജൻസികൾ എന്നിവ ഉപയോഗം കഴിഞ്ഞ പ്ലാസ്റ്റിക് ഉൽപന്നങ്ങൾ പുനരുപയോഗം നടത്തേണ്ടതും പുനരുപയോഗം സാധ്യമല്ലാത്തവ വൃത്തിയാക്കി ഉണക്കി തരംതിരിച്ച് സൂക്ഷിക്കേണ്ടതും പഞ്ചായത്തിനോ/നഗരസഭക്കോ പഞ്ചായത്ത് / നഗരസഭ നിശ്ചയിക്കുന്ന ഏജൻസിക്കോ / ഏജൻസികൾക്കോ കൈമാറേണ്ടതുമാണ്. യാതൊരു കാരണവശാലും പ്ലാസ്റ്റിക് ഉൽപന്നങ്ങൾ ഇപ്രകാരമല്ലാതെ കൈയൊഴിയാൻ പാടുള്ളതല്ല. ഇത്തരത്തിൽ കൈയൊഴിയുന്നതിന് പഞ്ചായത്ത് /നഗരസഭ

ഈ ബൈലായുടെ അനുബന്ധം അഞ്ചിൽ നിശ്ചയിച്ചിട്ടുള്ള യൂസർ ഫീ ബന്ധപ്പെട്ടവർ ഒടുക്കേണ്ടതാണ്. യൂസർ ഫീ പഞ്ചായത്തിനോ/ നഗരസഭക്കോ പഞ്ചായത്ത് / നഗരസഭ നിശ്ചയിക്കുന്ന ഏജൻസിക്കോ / ഏജൻസികൾക്കോ നൽകേണ്ടതാണ്.

20. പുനരുപയോഗം സാധ്യമല്ലാത്ത പ്ലാസ്റ്റിക് മാലിന്യങ്ങൾ വൃത്തിയാക്കി ഉണക്കി തരംതിരിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനതല മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി സെന്ററിൽ നേരിട്ട് എത്തിക്കുന്നവർ നിശ്ചയിച്ച യൂസർ ഫീസിന്റെ അമ്പത് ശതമാനം ഒടുക്കിയാൽ മതിയാകുന്നതാണ്.
21. വീടുകളിൽ ഉപയോഗിക്കുന്ന പ്ലാസ്റ്റിക് ക്യാരി ബാഗുകൾ അടക്കമുള്ള പ്ലാസ്റ്റിക് മാലിന്യം വൃത്തിയാക്കി ഉണക്കി തരംതിരിച്ച് സൂക്ഷിക്കേണ്ടതും വാർഡ് സാനിറ്റേഷൻ സമിതിയുടെ/സെക്രട്ടറിയുടെ നിർദ്ദേശാനുസരണം നിശ്ചയിക്കപ്പെടുന്ന കേന്ദ്രത്തിൽ എത്തിക്കേണ്ടതോ പഞ്ചായത്ത്/നഗരസഭ നിശ്ചയിക്കുന്ന ഏജൻസിക്ക് കൈമാറേണ്ടതോ ആണ്. ഇതിനായി/ നഗരസഭ നിശ്ചയിച്ച നിരക്കിലുമുള്ള യൂസർ ഫീ ഉത്തരവാദികളായവർ പഞ്ചായത്തിനോ/ നഗരസഭക്കോ പഞ്ചായത്ത്/ നഗരസഭ നിശ്ചയിക്കുന്ന ഏജൻസിക്കോ/ ഏജൻസികൾക്കോ നൽകേണ്ടതാണ്.
22. പ്ലാസ്റ്റിക് ഉൽപ്പന്നങ്ങൾ ഏതു തരത്തിലും കത്തിക്കുവാൻ പാടുള്ളതല്ല. ആയത് ലംഘിക്കുന്നവർക്കെതിരെ ഇരുപത്തയ്യായിരം രൂപ വരെ പിഴ ചുമത്താൻ സെക്രട്ടറിക്ക് അധികാരമുണ്ടായിരിക്കുന്നതാണ്.
23. റീസൈക്കിൾ ചെയ്യാൻ പറ്റാത്ത പ്ലാസ്റ്റിക്, മെറ്റൽ കോട്ടഡ് മാലിന്യങ്ങൾ, മൾട്ടി ലെയേർഡ് സാഷറ്റുകൾ, പൗച്ചുകൾ, പാക്കേജിംഗ് കവറുകൾ എന്നിവയിൽ വിൽപന നടത്തുന്ന സാധനങ്ങൾ ഇറക്കുമതി ചെയ്യുന്നവർ, ബ്രാൻഡ് ഉടമകൾ, ഉല്പാദകർ എന്നിവർ ഉപയോഗം കഴിഞ്ഞ ഇത്തരം ഉൽപ്പന്നങ്ങൾ തിരിച്ചെടു ക്കേണ്ടതാണ്. അല്ലാത്തപക്ഷം അവരുടെ ഉൽപന്നങ്ങൾ വിൽക്കാൻ പാടുള്ളതല്ല.
24. റൂളിലെയും, ബൈലോയിലെയും കാര്യങ്ങളെ സംബന്ധിച്ച് കാര്യനിർവ്വഹണാധികാരി സെക്രട്ടറി ആയിരിക്കും. സെക്രട്ടറിയുടെ അധികാരങ്ങൾ മറ്റ് ഉദ്യോഗസ്ഥർക്ക് രേഖാമൂലം ഏൽപ്പിച്ചുകൊടുക്കുന്നതിന് സെക്രട്ടറിക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്
25. പഞ്ചായത്ത് പരിധിക്കുള്ളിൽ പ്ലാസ്റ്റിക്കിന്റെ ഉപയോഗം പരമാവധി കുറക്കുന്നതിനും പ്രസ്തുത കാര്യത്തിന് ബോധവത്കരണ പ്രവർത്തനങ്ങൾ ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുന്നതിനും പഞ്ചായത്തിന്/നഗരസഭക്ക് ചുമതലയുണ്ടായിരിക്കും.
26. പഞ്ചായത്ത്/നഗരസഭ പരിധിയിൽ പൊതു പരിപാടികൾ സംഘടിപ്പിക്കുന്ന സംഘാടകർ പരിപാടിയുടെ 10 ദിവസം മുമ്പേ ഈ ബൈലായുടെ അനുബന്ധം ആറിൽ നിശ്ചയിച്ചിട്ടുള്ള ഫോറത്തിൽ പഞ്ചായത്തിന്/നഗരസഭക്ക് അറിയിപ്പ് നൽകേണ്ടതാണ്. 200 പേരിൽ കൂടുതൽ ആൾക്കാർ പങ്കെടുക്കുന്ന പരിപാടികൾ നടത്തുന്നവർ അടിസ്ഥാന യൂസർ ഫീ ആയി 250 രൂപ അറിയിപ്പിനോടൊപ്പം ഒടുക്കേണ്ടതാണ്.
27. പൊതു പരിപാടികൾ സംഘടിപ്പിക്കുന്ന സംഘാടകർ ഉപയോഗം കഴിഞ്ഞ പ്ലാസ്റ്റിക് ഉൽപന്നങ്ങൾ പുനരുപയോഗം നടത്തേണ്ടതും പുനരുപയോഗം സാധ്യമല്ലാത്തവ വൃത്തിയാക്കി ഉണക്കി തരംതിരിച്ച് സൂക്ഷിക്കേണ്ടതും പഞ്ചായത്തിനോ/നഗരസഭക്കോ പഞ്ചായത്ത്/നഗരസഭ നിശ്ചയിക്കുന്ന ഏജൻസിക്കോ/ഏജൻസികൾക്കോ കൈമാറേണ്ടതുമാണ്. യാതൊരു കാരണവശാലും പ്ലാസ്റ്റിക് ഉൽപന്നങ്ങൾ ഇപ്രകാരമല്ലാതെ കൈയൊഴിയാൻ പാടുള്ളതല്ല. ഇത്തരത്തിൽ കൈയൊഴിയുന്നതിന് പഞ്ചായത്ത്/നഗരസഭ

ഈ ബൈലായുടെ അനുബന്ധം അഞ്ചിൽ നിശ്ചയിച്ചിട്ടുള്ള യൂസർ ഫീ ബന്ധപ്പെട്ടവർ ഒടുക്കേണ്ടതാണ്. യൂസർ ഫീ പഞ്ചായത്തിനോ/നഗരസഭക്കോ പഞ്ചായത്ത്/നഗരസഭ നിശ്ചയിക്കുന്ന ഏജൻസിക്കോ/ഏജൻസികൾക്കോ നൽകേണ്ടതാണ്.

28. പ്ലാസ്റ്റിക് മാലിന്യങ്ങളുടെ ശേഖരണം, നീക്കം ചെയ്യൽ, സംഭരണം, സംസ്ക്കരണം, കൈയ്യൊഴിയൽ എന്നിവക്കായി ഗ്രാമ പഞ്ചായത്തിന്/നഗരസഭക്ക് ഇനിപ്പറയുന്ന രീതികൾ പൂർണമായോ ഭാഗികമായോ സ്വീകരിക്കാവുന്നതാണ്.
    1. ഗ്രാമ പഞ്ചായത്ത്/നഗരസഭ ഇതിനായി രൂപീകരിക്കുന്നതോ രൂപീകരിച്ചതോ ആയ ഏജൻസി മുഖേന
    2. കുടുംബശ്രീ മുഖേന
    3. ശുചിത്വ മിഷൻ പട്ടികപ്പെടുത്തുന്ന ഏജൻസികൾ മുഖേന

29. പ്രവർത്തനം നടത്തുന്നതിന് ഇവർ ഗ്രാമ പഞ്ചായത്തുമായി / നഗരസഭയുമായി കരാറിലേർപ്പെടേണ്ടതാണ്. ഇപ്രകാരം ഏജൻസികളെ തെരഞ്ഞെടുക്കുന്നത് അതത് കാലത്ത് ബാധകമായ പ്രൊക്യൂർമെന്റ് മാനദണ്ഡങ്ങൾക്ക് വിധേയമായിരിക്കേണ്ടതാണ്. എന്നാൽ ഇപ്രകാരം ഏജൻസികളെ തെരഞ്ഞെടുക്കുന്നത് അതത് കാലത്ത് ബാധകമായ പ്രൊക്യുമെന്റ് മാനദണ്ഡങ്ങൾക്ക് വിധേയമായിട്ടായിരിക്കേണ്ടതാണ്. എന്നാൽ ബൈലോ പ്രകാരം പ്രവർത്തനങ്ങൾ തുടങ്ങി ആദ്യ മൂന്ന് വർഷകാലത്തേക്ക് ഗ്രാമ പഞ്ചായത്തിന്/നഗരസഭക്ക് പ്രൊക്യൂർമെന്റ് മാനദണ്ഡങ്ങൾക്ക് വിധേയമല്ലാതെ തന്നെ പട്ടികപ്പെടുത്തിയ ഏജൻസികളെ ചുമതലപ്പെടുത്താവുന്നതാണ്. ഇപ്രകാരം തെരഞ്ഞെടുക്കപ്പെടുന്ന ഏജൻസികൾ ശുചിത്വ മിഷൻ നിശ്ചയിക്കുന്ന നിബന്ധനകൾ കൂടി പാലിക്കേണ്ടതാണ്.
30. ഖണ്ഡിക 28(1) പ്രകാരമുള്ള ഏജൻസി രൂപീകരിച്ചാണ് പ്രവർത്തനങ്ങൾ നടത്തുന്നതെങ്കിൽ പ്രസ്തുത ഏജൻസി സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്ട് പ്രകാരമോ തത്തുല്യമായ നിയമം മുഖേനയോ രജിസ്റ്റർ ചെയ്യേണ്ടതാണ്. അപ്രകാരം രൂപീകരിക്കുന്ന ഏജൻസി പൂർണമായും ഗ്രാമ പഞ്ചായത്തിന്റെ നഗരസഭയുടെ നിയന്ത്രണത്തിലായിരിക്കേണ്ടതാണ്.
31. ഏജൻസിയെ പ്ളാസ്റ്റിക് വസ്തുക്കളുടെ ശേഖരണം, മെറ്റീരിയൽ റിക്കവറി സെന്ററിൽ എത്തിക്കൽ, മെറ്റീരിയൽ റിക്കവറി സെന്ററിലെ പ്രവർത്തനങ്ങൾ, യൂസർഫീ കളക്ട് ചെയ്യൽ എന്നിവ മാത്രമായോ, റീസൈക്ളിംഗ്/പ്രോസസിംഗ്/ കയ്യൊഴിയൽ എന്നിവ ഉൾപ്പെടെയോ ഏതെങ്കിലും പ്രവർത്തനം മാത്രമായോ ആയത് ഭാഗികമായി മാത്രമോ ഏൽപിക്കാവുന്നതാണ്.
32. യൂസർഫീ, പ്ളാസ്റ്റിക് വസ്തുക്കളുടെ / അസംസ്കൃത വസ്തുക്കളുടെ വിൽപനയിലൂടെ ലഭിക്കുന്ന തുകകൾ ഏജൻസിയുടെ പ്രവർത്തനങ്ങൾക്കായി ഉപയൊഗിക്കാവുന്നതാണ്.
33. യൂസർഫീ കളക്ട് ചെയ്യുന്നത് പഞ്ചായത്ത്/ നഗരഭരണ സ്ഥാപനം നിശ്ചയിച്ച് നൽകിയതും പഞ്ചായത്ത്/നഗരഭരണ സ്ഥാപനത്തിന്റെ മുദ്ര പതിച്ചതുമായ അനുബന്ധം (7) പ്രകാരമുള്ള രസീതികൾ ആയിരിക്കേണ്ടതാണ്. ഓരോ വേസ്റ്റ് ജനറേറ്റർക്കും യുണീക്ക് ആയ ഐഡന്റിറ്റിഫിക്കേഷൻ നമ്പർ നൽകേണ്ടതും യൂസർ ഫീ രസീതിൽ ആയതു രേഖപ്പെടുത്തേണ്ടതുമാണ്. യൂസർ ഫീ കലക്ട് ചെയ്തതു സംബന്ധിച്ച വിവരങ്ങൾ അനുബന്ധം 8 ഫോറത്തിൽ രേഖപ്പെടുത്തി ആധികാരികമാക്കേണ്ടതും ആയതിന്റെ അടിസ്ഥാനത്തിൽ അനുബന്ധം 9 ഫോറത്തിൽ വാർഷിക ഡിസിബി വർഷം അവസാനിച്ച് 15 ദിവസത്തിനകം തയ്യാറേക്കേണ്ടതും ആയത് ഗ്രാമ പഞ്ചായത്തിന്/ നഗരസഭക്ക് നൽകേണ്ടതുമാണ്.

34. ഈ ബൈലായിൽ പ്രതിപാദിച്ചിട്ടുള്ള എല്ലാ അനുബന്ധങ്ങളും രേഖകളും റിപ്പോർട്ടുകളും ഏത് സമയത്തും പരിശോധിക്കുന്നതിനും പകർപ്പാവശ്യപ്പെടുന്നതിനും ഗ്രാമ പഞ്ചായത്തിനും / നഗരസഭക്കും അതിന്റെ സെക്രട്ടറിക്കും അധികാരമുണ്ടായിരിക്കുന്നതും 2005 ലെ വിവരാവകാശ നിയമത്തിലെ വിവരം എന്ന നിർവ്വചനത്തിൻ കീഴിൽ വരുന്നതുമാണ്.

35. പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് സംബന്ധിച്ച ത്രൈമാസിക റിപ്പോർട്ട് ബന്ധപ്പെട്ടവർ /അതത് ഏജൻസികൾ അനുബന്ധം 11 പ്രകാരമുള്ള ഫോറത്തിൽ ഗ്രാമ പഞ്ചായത്ത്/ നഗരസഭക്ക് നൽകേണ്ടതാണ്. ഏപ്രിൽ മുതൽ ജൂൺ മാസം വരെയുള്ള റിപ്പോർട്ട് ജൂലൈ 15 നകവും ജൂലൈ മുതൽ സപ്തംബർ മാസം വരെയുള്ള റിപ്പോർട്ട് ഒക്ടോബർ 15 നകവും ഒക്ടോബർ മുതൽ ഡിസംബർ മാസം വരെയുള്ള റിപ്പോർട്ട് ജനുവരി 15 നകവും ജനുവരി മുതൽ മാർച്ച് മാസം വരെയുള്ള റിപ്പോർട്ട് ഏപ്രിൽ 15 നകവും നൽകേണ്ടതാണ്.

36. 2016 ലെ പ്ളാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് റൂൾസ് പ്രകാരം പ്ളാസ്റ്റിക് വേസ്റ്റ് ഉണ്ടാകുന്നത് കുറക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടക്കുന്നുവെന്ന് ഓരോ ലോക്കൽ ബോഡിയും ഓരോ ആറു മാസത്തിലും ഉറപ്പ് വരുത്തേണ്ടതാണ്.

37. പ്ളാസ്റ്റിക് മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ ആദ്യ ഘട്ടത്തിൽ വേർതിരിക്കണം. ഇത്തരത്തിൽ വേർതിരിച്ച പ്ളാസ്റ്റിക് ഉൽപന്നങ്ങളോടൊപ്പം മറ്റ് തരത്തിലുള്ള മാലിന്യങ്ങൾ കലർത്തുവാൻ പാടുള്ളതല്ല. വേർതിരിച്ച പ്ളാസ്റ്റിക് മാലിന്യങ്ങൾ ശേഖരിക്കുന്നതിനായി ഒരു വാർഡിനോ ഒന്നിലധികം വാർഡുകൾക്കായോ കളക്ഷൻ സെന്ററുകൾ ആവശ്യമുള്ളിടത്തോളം ഏർപ്പെടുത്തേണ്ടതുണ്ട്. ഓരോ കളക്ഷൻ സെന്ററിൽ നിന്നും ഏതെല്ലാം ദിവസങ്ങളിൽ ശേഖരിക്കുന്നുവെന്ന് നിശ്ചയിക്കേണ്ടതുമാണ്. ഒന്നിലധികം വാർഡുകൾക്കായോ കളക്ഷൻ സെന്ററുകൾ ആവശ്യമുള്ളിടത്തോളം ഏർപ്പെടുത്തേണ്ടതുണ്ട്. ഓരോ കളക്ഷൻ സെന്ററിൽ നിന്നും ഏതെല്ലാം ദിവസങ്ങളിൽ ശേഖരിക്കുന്നുവെന്ന് നിശ്ചയിക്കേണ്ടതുമാണ്. ടൗണുകൾ/സിറ്റികൾ എന്നിവയിൽ ഓരോ വ്യാപാര സ്ഥാപനത്തിൽ നിന്നും ശേഖരണം നടത്താവുന്നതാണ്.

38. പ്ളാസ്റ്റിക് മാലിന്യങ്ങൾ കളക്ഷൻ സെന്ററുകളിൽ നിന്നും ശേഖരിച്ച് മെറ്റീരിയൽ റിക്കവറി സെന്ററിൽ എത്തിക്കേണ്ടതും അവിടെ വെച്ച് പ്ളാസ്റ്റിക് മാലിന്യങ്ങളുടെ ഉപയോഗ ക്രമത്തിനനുസൃതമായി രണ്ടാം ഘട്ട വേർതിരിവ് നടത്തേണ്ടതുമാണ്. ഇവക്കാവശ്യമായ ചെലവ് ഗ്രാമ പഞ്ചായത്ത്/നഗരസഭ അല്ലെങ്കിൽ ചുമതലപ്പെട്ട ഏജൻസി യൂസർ ഫീ/ മാലിന്യ മാനേജ്മെന്റ് ഫണ്ടിൽ നിന്ന് വഹിക്കേണ്ടതാണ്.

39. മെറ്റീരിയൽ റിക്കവറി സെന്ററുകളിൽ ഉപയോഗ ക്രമത്തനനുസൃതമായി തരം തിരിക്കാനുള്ള സൗകര്യം, ആവശ്യമെങ്കിൽ കഴുകി വൃത്തിയാക്കൽ, പൊടി തട്ടി വൃത്തിയാക്കൽ മുതലായവക്കുള്ള സൗകര്യങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്. മെറ്റീരിയൽ റിക്കവറി സെന്ററുകളിൽ കഴിയുന്നതും ശുചിത്വ മിഷൻ നിശ്ചയിക്കുന്ന മാനദണ്ഡങ്ങൾ ഉറപ്പു വരുത്തേണ്ടതാണ്. ഷ്രെഡിംഗ് മെഷീൻ, കഴുകി വൃത്തിയാക്കുവാനുള്ള മെഷീൻ തുടങ്ങിയവ പഞ്ചായത്ത് നഗര ഭരണ സ്ഥാപനത്തിന് സ്ഥാപിക്കാവുന്നതാണ്.

40. മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി സെന്ററിൽ വച്ച് ഉപയോഗ ക്രമത്തിനനുസരിച്ച് തരം തിരിച്ച പ്ളാസ്റ്റിക് മാലിന്യങ്ങൾ പ്രോസസിംഗിനായി /റീസൈക്ളിംഗിനായി കൈമാറാവുന്നതാണ്. ലാന്റ് ടാറിങ്ങിനു ഉപയോഗിക്കാവുന്നതാണ്. ലാന്റ് ടാറിങ്ങിനു ഉപയോഗിക്കാവുന്ന ആയതിന്റെ മാനദണ്ഡങ്ങൾ പ്രകാരം ഉപയോഗിക്കാവുന്നതാണ്. ഇത്തരത്തിൽ പ്രോജസസിംഗ് നടത്തുന്ന കേന്ദ്രങ്ങൾ പ്ളാസ്റ്റിക് വെയിസ്റ്റ് മാനേജ്മെന്റ് റൂൾ 2016, നിയമങ്ങൾ, ചട്ടം എന്നിവ

പ്രകാരമുള്ള വ്യവസ്ഥകൾ പാലിക്കുന്നവയായിരിക്കണം. വില ലഭിക്കാത്ത പ്ലാസ്റ്റിക് മാലിന്യങ്ങൾ സൗജന്യമായും അജൈവ ഫീസ് നൽകേണ്ടവ അപ്രകാരവും കൈമാറാവുന്നതാണ്. മെറ്റീരിയൽ റെക്കവറി ഫസിലിറ്റി സെന്ററിൽ സ്വീകരിക്കുന്നതു മുതൽ കൈയൊഴിയുന്നതു വരെയുള്ള എല്ലാ പ്രവർത്ത നങ്ങളും അനുബന്ധം 10 ആയി നൽകിയിരിക്കുന്ന ഫോറത്തിൽ രേഖപ്പെടുത്തേണ്ടതാണ്. ആയതിന്റെ കൂടി അടിസ്ഥാനത്തിലാണ് അനുബന്ധം 11 തയ്യാറാക്കേണ്ടത്.

41. പ്രോസസ് ചെയ്തതോ അല്ലാത്തവയുമായതോ ആയ ഉത്പന്നങ്ങൾ/ അസംസ്കൃത വസ്തുക്കൾ കയ്യൊഴിയാവുന്നതാണ്. റീസൈക്കിൾ ചെയ്യാനാവാത്ത ഉൽപന്നങ്ങൾ ലാന്റ് ടാറിംഗ് മുതലായവക്കായി ഉപയോഗപ്പെടുത്തുകയോ മറ്റു അംഗീകൃത രീതിയിലോ കൈയൊഴിയാവുന്നതാണ്.
42. മെറ്റീരിയൽ റിക്കവറി ഫസിലിറ്റി സെന്റർ/ പ്രോസസിംഗ് യൂണിറ്റുകൾ/ റീസൈക്ളിംഗ് പാർക്കുകൾ എന്നിവയിലെ എല്ലാ പ്രവർത്തനങ്ങളും പരിസ്ഥിതി സൗഹൃദമാണെന്ന് ഗ്രാമ പഞ്ചായത്ത് /നഗരഭരണ വകുപ്പ് ഉറപ്പ് വരുത്തേണ്ടതാണ്.
43. ബൈലായിലെ വ്യവസ്ഥകളുടെ ലംഘനങ്ങൾക്ക് ഈ ബൈലായിൽ വ്യവസ്ഥ ചെയ്ത ശിക്ഷകൾക്ക് പുറമെ ബന്ധപ്പെട്ട നിയമത്തിലെയോ ചട്ടത്തിലെയോ ശിക്ഷകളും ബാധകമായിരിക്കുന്നതാണ്.
44. ഈ ബൈലാ പ്രകാരം ചുമത്തുന്ന പിഴ, ഫീസ് മുതലായവ ഭൂനികുതിക്കുടിശ്ശിക എന്നതു പോലെ ഈടാക്കാവുന്നതാണ്.
45. പിഴ ചുമത്തുന്നത് കൂടാതെ നിർദ്ദേശങ്ങൾ അനുസരിക്കാതിരിക്കുകയോ, പൊതുജന താൽപര്യത്തിനായി ഉദ്ദേശിച്ചു കൊണ്ടുള്ള വ്യവസ്ഥകൾ ലംഘിക്കുകയോ ചെയ്യുന്ന വ്യക്തികൾക്കോ സ്ഥാപനങ്ങൾക്കോ നൽകിയിട്ടുള്ള അനുമതി റദ്ദാക്കുകയോ അത്തരം സ്ഥാപനങ്ങളുടെ അനുമതിയ്ക്കുള്ള അപേക്ഷ ഒരു നിശ്ചിത കാലത്തേയ്ക്ക് കുറ്റകൃത്യത്തിന്റെ സ്വഭാവമനുസരിച്ച് നിരാകരിക്കുവാൻ തീരുമാനിക്കുകയോ ചെയ്യാൻ പഞ്ചായത്തിന് അധികാരമു ണ്ടായിരിക്കുന്നതാണ്.

**അനുബന്ധം-1**

.............................. ഗ്രാമ പഞ്ചായത്ത്/നഗരസഭ

**50 മൈക്രോണിന് മുകളിലുള്ള**
**പ്ലാസ്റ്റിക് ക്യാരി ബാഗുകൾക്ക് നിശ്ചയിച്ച കുറഞ്ഞ വില്പന വില**
**(പ്ളാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് ബൈലാ ഖണ്ഡിക 8 കാണുക)**

| ക്രമ നമ്പർ | വലുപ്പം | വില |
|---|---|---|
| 1 | 33*40 സെന്റി മീറ്റർ വരെ | 10/ |
| 2 | 40*50 സെന്റി മീറ്റർ വരെ | 15/- |
| 3 | 50*61 സെന്റി മീറ്റർ വരെ | 20/- |
| 4 | 61*76 സെന്റി മീറ്റർ വരെ | 25/- |
| 5 | 61*76 സെന്റി മീറ്റർ കൂടുതൽ | 30/- |

## അനുബന്ധം - 2

.............................. ഗ്രാമ പഞ്ചായത്ത്/നഗരസഭ

**പ്ലാസ്റ്റിക് ക്യാരിബാഗുകൾ നൽകുന്നതിന് രജിസ്ട്രേഷനുള്ള അപേക്ഷ**
**(പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് ബൈലോ ഖണ്ഡിക 9 കാണുക**

1. രജിസ്ട്രേഷൻ ഏതു കാലത്തേക്ക് എന്നത് :
2. അപേക്ഷ നൽകുന്ന ആളുടെ പേര് :
3. പിതാവിന്റെ /മാതാവിന്റെ/രക്ഷകർത്താവിന്റെ പേര് :
4. മേൽവിലാസം :
5. ഫോൺ നമ്പറും ഇ മെയിൽ ഐഡിയും :
6. പ്ലാസ്റ്റിക് ക്യാരിബാഗ് നൽകാൻ ഉദ്ദേശിക്കുന്ന സ്ഥാപനത്തിന്റെ പേര് :
7. മേൽവിലാസം :
8. ഫോൺ നമ്പറും ഇ മെയിൽ ഐഡിയും :
9. സ്ഥാപനത്തിന്റെ വാർഡ് നമ്പർ/കെട്ടിട നമ്പർ :
10. ലാൻഡ്മാർക്ക് :
11. രജിസ്ട്രേഷൻ കാലത്തേക്ക് ലഭിച്ച ഗ്രാമ പഞ്ചായത്ത്/ നഗരസഭ ലൈസൻസ് നമ്പർ:
12. നൽകാനുദ്ദേശിക്കുന്ന പ്ലാസ്റ്റിക് ക്യാരിബാഗുകളുടെ വിശദാംശങ്ങൾ

| ക്രമ നമ്പർ | പ്ലാസ്റ്റിക്കിന്റെ തരം | കനം | വലിപ്പം | ഒരു മാസ ത്തേക്ക് നൽകുന്ന എണ്ണം | ഒരു എണ്ണത്തിന് ഈടാക്കുന്ന വില | റിമാർക്സ് |
|---|---|---|---|---|---|---|
| | | | | | | |

സ്ഥലം:
തീയതി : അപേക്ഷകയുടെ/ന്റെ പേരും ഒപ്പും

--------------------------------------------

(ഓഫീസ് ഉപയോഗത്തിന്)

1. ഫയൽ നമ്പർ
2. രജിസ്ട്രേഷൻ അനുവദനീയമാണോ
3. അനുവദനീയമല്ലെങ്കിൽ കാരണം
4. രജിസ്ട്രേഷൻ അനുവദിക്കാവുന്ന കാലയളവ്
5. രജിസ്ട്രേഷൻ ഫീസിനത്തിൽ ആവശ്യമായ തുക
6. രജിസ്ട്രേഷൻ ഫീസ് അടച്ചത് സംബന്ധിച്ച വിവരങ്ങൾ (രസീത് നമ്പർ, തീയതി, തുക)
7. അനുവദിച്ച രജിസ്ട്രേഷൻ നമ്പർ

സെക്ഷൻ സൂപ്പർവൈസർ സെക്രട്ടറി

**അനുബന്ധം - 3**

.............................. ഗ്രാമ പഞ്ചായത്ത്/നഗരസഭ

**പ്ലാസ്റ്റിക് ക്യാരിബാഗുകൾ നൽകുന്നതിന് അനുവദിച്ച രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്**
**(പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് ബൈലാ ഖണ്ഡിക 11 കാണുക)**

1. ഫയൽ നമ്പരും തീയതിയും :
2. അനുവദിച്ച രജിസ്ട്രേഷൻ നമ്പർ :
3. രജിസ്ട്രേഷൻ അനുവദിച്ച കാലം :
4. രജിസ്ട്രേഷന് അപേക്ഷിച്ച ആളുടെ പേര്:
5. പിതാവിന്റെ /മാതാവിന്റെ/ രക്ഷകർത്താവിന്റെ പേര് :
6. മേൽവിലാസം :
7. ഫോൺ നമ്പറും ഇ മെയിൽ ഐഡിയും:
8. രജിസ്ട്രേഷൻ അനുവദിച്ച സ്ഥാപനത്തിന്റെ പേര് :
9. മേൽവിലാസം :
10. ഫോൺ നമ്പറും ഇ മെയിൽ ഐഡിയും:
11. സ്ഥാപനത്തിന്റെ വാർഡ് നമ്പർ/ കെട്ടിട നമ്പർ :
12. ലാൻഡ്മാർക്ക് :
13. രജിസ്ട്രേഷൻ കാലത്തേക്ക് ലഭിച്ച ഗ്രാമ പഞ്ചായത്ത്/ നഗരസഭ ലൈസൻസ് നമ്പർ :
14. നൽകുന്നതിനനുവദിച്ച പ്ലാസ്റ്റിക് ക്യാരിബാഗുകളുടെ വിശദാംശങ്ങൾ :

| **ക്രമ നമ്പർ** | **പ്ലാസ്റ്റിക്കിന്റെ തരം** | **കനം** | **വലിപ്പം** | **ഒരു എണ്ണത്തിന് ഈടാക്കുന്ന വില** |
|---|---|---|---|---|
| | | | | |

15. രജിസ്ട്രേഷൻ ഫീസ് അടച്ചത് സംബന്ധിച്ച വിവരങ്ങൾ (രസീത് നമ്പർ, തീയതി, തുക)

സെക്രട്ടറി

**അനുബന്ധം - 4**

.............................. ഗ്രാമ പഞ്ചായത്ത്/നഗരസഭ

**പ്ളാസ്റ്റിക് ക്യാരിബാഗുകൾ നൽകുന്നതിന്  രജിസ്ട്രേഷൻ അനുവദിച്ചതിന്റെ രജിസ്റ്റർ**
**(പ്ളാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് ബൈലാ ഖണ്ഡിക 12 കാണുക)**

1. രജിസ്ട്രേഷൻ അനുവദിച്ച സ്ഥാപനത്തിന്റെ പേര് :
2. മേൽവിലാസം :
3. ഫോൺ നമ്പറും ഇ മെയിൽ ഐഡിയും :
4. സ്ഥാപനത്തിന്റെ വാർഡ് നമ്പർ/കെട്ടിട നമ്പർ :
5. ലാൻഡ്മാർക്ക് :

| | | |
|---|---|---|
| രജിസ്ട്രേഷൻ അനുവദിച്ച കാലം | | |
| ഫയൽ നമ്പരും തീയതിയും | | |
| അനുവദിച്ച രജിസ്ട്രേഷൻ നമ്പർ | | |
| രജിസ്ട്രേഷന് അപേക്ഷിച്ച ആളുടെ പേര് | | |
| ലൈസൻസ് നമ്പർ | | |
| രജിസ്ട്രേഷൻ ഫീസ് അടച്ചത് സംബന്ധിച്ച വിവരങ്ങൾ (രസീത് നമ്പർ, തീയതി, തുക) | | |
| സെക്രട്ടറിയുടെ ഒപ്പ് | | |

(കുറിപ്പ്: ഓരോ സ്ഥാപനത്തിനും രജിസ്റ്ററിന്റെ ഓരോ പേജുകൾ നീക്കിവെക്കേണ്ടതാണ്)

**അനുബന്ധം - 5**

.............................. ഗ്രാമ പഞ്ചായത്ത്/നഗരസഭ

**പ്ലാസ്റ്റിക്ക് വേസ്റ്റ് കൈമാറുമ്പോഴുള്ള യൂസർഫീ**
**(പ്ളാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് ബൈലാ ഖണ്ഡിക 19,20,21 കാണുക)**

| ക്രമ നമ്പർ | വിഭാഗം | ഫീസ് |
|---|---|---|
| 1. | വാസഗൃഹങ്ങൾ | 20— 200 രൂപ<br>( പ്രതിമാസം) |
| 2. | സ്ഥാപനങ്ങൾ / വഴിയോര കച്ചവടക്കാർ/ ഭക്ഷണം വിതരണം ചെയ്യുന്ന സ്ഥാപനങ്ങൾ/ കാറ്ററിംഗ് യൂണിറ്റുകൾ / ഇവിടെ പ്രതിപാദിക്കാത്ത മറ്റു വേസ്റ്റ് ജനറേറ്റേർസ് | |
| | (എ) കാരി ബാഗുകൾ / പാക്കിങ് കവറുകൾ തുടങ്ങിയ സമാന സ്വഭാവത്തോട് കൂടിയവ ഓരോ 100 ഗ്രാമിനോ ഭാഗത്തിനോ | 10 - 20 രൂപ |
| | (ബി) മറ്റു പ്ളാസ്റ്റിക് വേസ്റ്റുകൾ ഓരോ 100 ഗ്രാമിനോ ഭാഗത്തിനോ | 2 - 10 രൂപ |
| | (വേർതിരിച്ച പ്ളാസ്റ്റിക് വേസ്റ്റുകൾ മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി സെന്ററിൽ നേരിട്ട് എത്തിക്കുന്നവർ 50 ശതമാനം ഫീസ് നല്കിയാൽ മതിയാകുന്നതാണ്) | |
| 3. | 200 പേരിൽ കൂടുതൽ ആൾക്കാർ പങ്കെടുക്കുന്ന പരിപാടി കൾ നടത്തുന്നവർ ഒടുക്കേണ്ട അടിസ്ഥാന യൂസർ ഫീ | 250 രൂപ |
| | (ക്രമ നമ്പർ ഒന്നിൽ വരുന്ന ഫ്ളാറ്റുകൾ, റസിഡന്റ് ഏരിയകൾ എന്നിവ ഓരോ വ്യത്യസ്ത വീടും ഫ്ളാറ്റും വ്യത്യസ്തമായി കണക്കാക്കുന്നതാണ്) | |

**അനുബന്ധം - 6**

.............................. ഗ്രാമ പഞ്ചായത്ത്/നഗരസഭ

**പൊതുചടങ്ങുകൾ നടത്തുമ്പോൾ മാലിന്യ പരിപാലനത്തിനുള്ള അപേക്ഷ**
**(പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് ബൈലാ ഖണ്ഡിക 26 കാണുക)**

1. ചടങ്ങിന്റെ തീയതി :
2. ചടങ്ങിന്റെ /പരിപാടിയുടെ പേര് :
3. ചടങ്ങ്/പരിപാടി നടത്തുന്ന സ്ഥാപനത്തിന്റെ പേര്, വിലാസം, വിശദാംശങ്ങൾ :
4. അപേക്ഷ നൽകുന്ന ആളുടെ പേര് :
5. പിതാവിന്റെ /മാതാവിന്റെ/രക്ഷകർത്താവിന്റെ പേര് :
6. മേൽവിലാസം :
7. ഫോൺ നമ്പറും ഇ മെയിൽ ഐഡിയും :
8. ചടങ്ങ് നടത്താൻ ഉദ്ദേശിക്കുന്ന സ്ഥലത്തിന്റെ വിശദാംശം:
9. വാർഡ്/കെട്ടിട നമ്പർ/സ്ഥലപേര്/സർവ്വെ നമ്പർ/വില്ലേജ്:
10. ലാൻഡ് മാർക്ക് :
11. നടത്തുന്ന സ്ഥലം സ്വന്തമല്ലെങ്കചന്റ സ്ഥല ഉടമയുടെ സമ്മതപത്രം ഹാജരാക്കിയത് സംബന്ധിച്ച വിശദാംശം :
12. പരിപാടിയിൽ പങ്കെടുക്കുന്നവരുടെ എണ്ണം (സ്ത്രീ/പുരുഷൻ തിരിച്ച്):
13. ചടങ്ങിൽ വെള്ളം /ഭക്ഷണം നൽകാൻ ഉപയോഗിക്കുന്ന വസ്തുക്കളുടെ (ഗ്ലാസ്/പ്ലേറ്റ്) മറ്റ് വസ്തുക്കൾ ഇവയുടെ വിവരം :
14. മാലിന്യ സംസ്ക്കരണത്തിനായി ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ :

സ്ഥലം :
തീയതി : അപേക്ഷകയുടെ/ന്റെ പേരും ഒപ്പും

----------------------------------------------

**(ഓഫീസ് ഉപയോഗത്തിന്)**

1. ഫയൽ നമ്പർ :
2. ചടങ്ങ്/പരിപാടി ബൈലാ പ്രകാരം അനുവദനീയമാണോ:
3. അനുവദനീയമല്ലെങ്കിൽ കാരണം:
4. അടിസ്ഥാന യൂസർ ഫീസ് അടച്ചത് സംബന്ധിച്ച വിവരങ്ങൾ (രസീത് നമ്പർ, തീയതി, തുക):

സെക്ഷൻ സൂപ്പർവൈസർ സെക്രട്ടറി

## അനുബന്ധം - 7

.............................. (ഏജൻസിയുടെ പേര്)

### യൂസർ ഫീ രസീത്
### (പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് ബൈലാ ഖണ്ഡിക 33 കാണുക)

ഗ്രാമ പഞ്ചായത്തിന്റെ / നഗരസഭയുടെ പേര്: ..................................................

രസീത് നമ്പർ : .............................          തീയതി : ....................................

വേസ്റ്റ് ജനറേറ്ററുടെ പേര് ; ..................................................................................

ഐഡന്റിഫിക്കേഷൻ നമ്പർ ; ..................................................................................

| കെട്ടിട നമ്പർ / ലാന്റ് മാർക്ക് | കാലയളവ് | കൈപ്പറ്റുന്ന മാലിന്യത്തിന്റെ ഭാരം (ഗ്രാമിൽ) | യൂസർഫീ നിരക്ക് (രൂപയിൽ) | ഒടുക്കേണ്ട തുക (രൂപയിൽ) | കുടിശ്ശിക തുക (രൂപയിൽ) | ആകെ ഒടുക്കേണ്ട തുക (രൂപയിൽ) | ഒടുക്കിയ തുക (രൂപയിൽ) |
|---|---|---|---|---|---|---|---|
| | | | | | | | |
| | **ആകെ** | | | | | | |

(ആകെ ഒടുക്കിയ തുക (അക്ഷരത്തിൽ) : ............................................................

........................................................................................................................ രൂപ മാത്രം)

തുക സ്വീകരിച്ച ആളുടെ ഒപ്പും പേരും ഉദ്യോഗപ്പേരും

## അനുബന്ധം - 8

............................ (ഏജൻസിയുടെ പേര്)

**യൂസർ ഫീ ഒടുക്കു വിവര രജിസ്റ്റർ**
**(പ്ളാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് ബൈലാ ഖണ്ഡിക 33 കാണുക)**

**വർഷം : ............................................**

ഗ്രാമ പഞ്ചായത്തിന്റെ / നഗരസഭയുടെ പേര്: .................................................

ഐഡന്റിഫിക്കേഷൻ നമ്പർ ; ...........................................................................

വേസ്റ്റ് ജനറേറ്ററുടെ പേര്; ...........................................................................

കെട്ടിട നമ്പർ / ലാന്റ്മാർക്ക് ; ....................................................................................

| കാലയളവ് | കൈപ്പറ്റുന്ന മാലിന്യത്തിന്റെ ഭാരം (ഗ്രാമിൽ) | യൂസർ ഫീ നിരക്ക് (രൂപയിൽ) | ക്യുമിലേറ്റീവ് ഡിമാന്റ് | | | ഒടുക്കിയ തുക (രൂപയിൽ) | രസീത് നമ്പരും തീയതിയും | ക്യുമുലേറ്റീവ് ബാലൻസ് | ചുമതലപ്പെട്ട ആളുടെ ഒപ്പും പേരും ഉദ്യോഗപ്പേരും |
|---|---|---|---|---|---|---|---|---|---|
| | | | ഒടുക്കേണ്ട തുക (രൂപയിൽ) | കുടിശ്ശിക തുക (രൂപയിൽ) | ആകെ ഒടുക്കേണ്ട തുക (രൂപയിൽ) | | | | |
| | | | | | | | | | |
| **ആകെ (അറ്റ തുക)** | | | | | | | | | |

ചുമതലപ്പെട്ട ആളുടെ ഒപ്പും പേരും ഉദ്യോഗപ്പേരും

(കുറിപ്പ്: ഓരോ യൂസർക്കും രജിസ്റ്ററിന്റെ ഓരോ പേജുകൾ നീക്കിവെക്കേണ്ടതാണ്)

**അനുബന്ധം - 9**

............................. (ഏജൻസിയുടെ പേര്)

**യൂസർ ഫീ ഡിമാന്റ് കലക്ഷൻ ബാലൻസ് രജിസ്റ്റർ**

**(പ്ളാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് ബൈലാ ഖണ്ഡിക 33 കാണുക)**

**വർഷം : ............................................**

ഗ്രാമ പഞ്ചായത്തിന്റെ / നഗരസഭയുടെ പേര്**: ..................................................**

| ഐഡന്റിഫിക്കേഷൻ നമ്പർ | വേസ്റ്റ് ജനറേറ്ററുടെ പേര് | ഒടുക്കേണ്ട തുക (രൂപയിൽ) | കുടിശ്ശിക തുക (രൂപയിൽ) | ആകെ ഒടുക്കേണ്ട തുക (രൂപയിൽ) | ഒടുക്കിയ തുക (രൂപയിൽ) | ഒടുക്കാൻ ബാക്കിയുള്ള തുക (രൂപയിൽ) |
|---|---|---|---|---|---|---|
| | | | | | | |
| | **ആകെ** | | | | | |

ചുമതലപ്പെട്ട ആളുടെ ഒപ്പും പേരും ഉദ്യോഗപ്പേരും

**അനുബന്ധം - 10**

**........................................................ഗ്രാമ പഞ്ചായത്ത് / നഗരസഭ**

............................. (ഏജൻസിയുടെ പേര്)

**മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി സെന്റർ**
**പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് ലോഗ്**
**(പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് ബൈലാ ഖണ്ഡിക 40 കാണുക)**

വർഷം : .............................. മാസം ..............................

| തീയതി | സ്റ്റോക്കി<br>ലുള്ള<br>പ്ലാസ്റ്റിക്<br>വേസ്റ്റിന്റെ<br>അളവ്<br>( കി.ഗ്രാ<br>മിൽ) | കലക്ഷൻ<br>സെന്റ<br>റിന്റെ<br>പേര് | സ്വീക<br>രിച്ച<br>പ്ലാസ്റ്റിക്<br>വേസ്റ്റി<br>ന്റെ<br>അളവ്<br>( കി.ഗ്രാ<br>മിൽ) | റീ<br>സൈക്ളി<br>ങ്ങിനായി<br>കൈയൊ<br>ഴിഞ്ഞ<br>പ്ലാസ്റ്റിക്<br>വേസ്റ്റിന്റെ<br>അളവ് ( കി.<br>ഗ്രാമിൽ) | റീ യൂസി<br>നായി<br>കൈയൊ<br>ഴിഞ്ഞ<br>പ്ലാസ്റ്റിക്<br>വേസ്റ്റിന്റെ<br>അളവ്<br>( കി.ഗ്രാ<br>മിൽ) | ലാന്റ്<br>ഫില്ലി<br>നായി<br>കൈ<br>യൊ<br>ഴിഞ്ഞ<br>പ്ലാസ്റ്റിക്<br>വേസ്റ്റി<br>ന്റെ<br>അളവ്<br>( കി.ഗ്രാ<br>മിൽ) | മറ്റിന<br>ങ്ങൾക്കാ<br>യി (വിശദ<br>മാക്കു<br>ക)കൈ<br>യാഴിഞ്ഞ<br>പ്ലാസ്റ്റിക്<br>വേസ്റ്റിന്റെ<br>അളവ്<br>( കി.ഗ്രാ<br>മിൽ) | കൈ<br>യൊ<br>ഴിഞ്ഞ<br>പ്ലാസ്റ്റിക്<br>വേസ്റ്റി<br>ന്റെ<br>ആകെ<br>അളവ്<br>( കി.ഗ്രാ<br>മിൽ) | പ്ലാസ്റ്റിക്<br>വേസ്റ്റ്<br>കൊ<br>ണ്ടു<br>പോയ<br>ഏജൻ<br>സി | ബാക്കി<br>യുള്ള<br>പ്ലാസ്റ്റിക്<br>വേസ്റ്റി<br>ന്റെ<br>അളവ്<br>( കി.ഗ്രാ<br>മിൽ) | ചുമതല<br>പ്പെട്ട<br>ആളുടെ<br>ഒപ്പ് |
|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | | | | | |
| | | | | | | | | | | | |
| | | | | | | | | | | | |

(കുറിപ്പ്: ഓരോ തരം പ്ലാസ്റ്റിക്കിനും പ്രത്യേകം പേജുകൾ നീക്കിവെക്കേണ്ടതാണ്)

## അനുബന്ധം - 11

**....................................................... ഗ്രാമ പഞ്ചായത്ത് / നഗരസഭ**

............................. (ഏജൻസിയുടെ പേര്)

**പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് ത്രൈമാസിക റിപ്പോർട്ട്**
**(പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് ബൈലാ ഖണ്ഡിക 35 കാണുക)**

**..........................................വർഷം : .............................. മാസം മുതൽ ..............................മാസം വരെ**

1. പ്രവർത്തന പരിധിയിലെ കലക്ഷൻ സെന്ററുകളുടെ എണ്ണം
2. പ്രവർത്തന പരിധിയിലെ വാണിജ്യ സ്ഥാപനങ്ങളുടെ എണ്ണം
3. പ്രവർത്തന പരിധിയിലെ വീടുകളുടെ എണ്ണം
4. പ്രവർത്തന പരിധിയിലെ മറ്റു വേസ്റ്റ് ജനറേറ്റർമാരുടെ എണ്ണം
5. കാലയളവിൽ പ്ലാസ്റ്റിക് വേസ്റ്റ് കലക്ട് ചെയ്ത കലക്ഷൻ സെന്ററുകളുടെ എണ്ണം
6. കാലയളവിൽ പ്ലാസ്റ്റിക് വേസ്റ്റ് ഡോർ ടു ഡോർ കലക്ട് ചെയ്ത വാണിജ്യ സ്ഥാപനങ്ങളുടെ എണ്ണം
7. കാലയളവിൽ പ്ലാസ്റ്റിക് വേസ്റ്റ് ഡോർ ടു ഡോർ കലക്ട് ചെയ്ത വീടുകളുടെ എണ്ണം
8. കാലയളവിൽ പ്ലാസ്റ്റിക് വേസ്റ്റ് ഡോർ ടു ഡോർ കലക്ട് ചെയ്ത മറ്റു വേസ്റ്റ് ജനറേറ്റർമാരുടെ എണ്ണം
9. കാലയളവിൽ പ്ലാസ്റ്റിക് വേസ്റ്റ് നേരിട്ട് ഏൽപ്പിച്ച വേസ്റ്റ് ജനറേറ്റർമാരുടെ എണ്ണം
10. ഡോർ ടു ഡോർ കലക്ഷനു വേണ്ടി നിലവിൽ ഏർപ്പെടുത്തിയിരിക്കുന്ന സംവിധാനങ്ങൾ
11. ഡോർ ടു ഡോർ കലക്ഷനു വേണ്ടി ഇനിയും ആവശ്യമായ സംവിധാനങ്ങൾ
12. ഈ കാലയളവ് ആരംഭിക്കുമ്പോൾ മുൻ കാലയളവുകളിൽ ഈടാക്കേണ്ടിയിരുന്നതും ഈടാക്കാതെ കുടിശ്ശികയായതുമായ യൂസർ ഫീ
13. കാലയളവിൽ കലക്ട് ചെയ്യേണ്ടുന്ന യൂസർ ഫീ
14. കാലയളവിൽ കുടിശ്ശികയടക്കം കലക്ട് ചെയ്യേണ്ടുന്ന ആകെ യൂസർ ഫീ
15. കാലയളവിൽ കുടിശ്ശികയടക്കം കലക്ട് ചെയ്ത യൂസർഫീ
16. കാലയളവിൽ കുടിശ്ശികയടക്കം കലക്ട് ചെയ്യാതെ ബാക്കിയായ യൂസർഫീ
17. പ്രവർത്തന പരിധിയിൽ റിപ്പോർട്ട് കാലയളവിൽ സൃഷ്ടിക്കപ്പെട്ട പ്ളാസ്റ്റിക് വേസ്റ്റ് (ടണ്ണിൽ)

| ക്രമ നമ്പർ | പ്ളാസ്റ്റിക് ഇനം | അളവ് |
|---|---|---|
| | | |

18. കാലയളവ് തുടക്കത്തിൽ സ്റ്റോക്കിൽ ബാക്കിയുണ്ടായിരുന്ന പ്ലാസ്റ്റിക് വേസ്റ്റ് (ടണ്ണിൽ)

| **ക്രമ നമ്പർ** | **പ്ലാസ്റ്റിക് ഇനം** | **അളവ്** |
|---|---|---|
| | | |

19. ഗ്രാമ പഞ്ചായത്ത് / നഗരസഭ പിടിച്ചെടുത്ത് ഏൽപ്പിച്ച പ്ലാസ്റ്റിക് വേസ്റ്റ് (ടണ്ണിൽ)

| **ക്രമ നമ്പർ** | **പ്ലാസ്റ്റിക് ഇനം** | **അളവ്** |
|---|---|---|
| | | |

20. കാലയളവിൽ കലക്ഷൻ സെന്ററിൽ നിന്നും കലക്ട് ചെയ്ത പ്ലാസ്റ്റിക് വേസ്റ്റ് (ടണ്ണിൽ)

| **ക്രമ നമ്പർ** | **പ്ലാസ്റ്റിക് ഇനം** | **അളവ്** |
|---|---|---|
| | | |

21. കാലയളവിൽ ഡോർ ടു ഡോർ വീടുകളിൽ നിന്നും കലക്ട് ചെയ്ത പ്ലാസ്റ്റിക് വേസ്റ്റ് (ടണ്ണിൽ)

| **ക്രമ നമ്പർ** | **പ്ലാസ്റ്റിക് ഇനം** | **അളവ്** |
|---|---|---|
| | | |

22. കാലയളവിൽ ഡോർ ടു ഡോർ വാണിജ്യ സ്ഥാപനങ്ങളിൽ നിന്നും കലക്ട് ചെയ്ത പ്ലാസ്റ്റിക് വേസ്റ്റ് (ടണ്ണിൽ)

| **ക്രമ നമ്പർ** | **പ്ലാസ്റ്റിക് ഇനം** | **അളവ്** |
|---|---|---|
| | | |

23. കാലയളവിൽ നേരിട്ട് ലഭിച്ച പ്ലാസ്റ്റിക് വേസ്റ്റ് (ടണ്ണിൽ)

| ക്രമ നമ്പർ | പ്ലാസ്റ്റിക് ഇനം | അളവ് |
|---|---|---|
| | | |

24. കാലയളവിൽ ഡോർ ടു ഡോർ മറ്റ് വേസ്റ്റ് ജനറേറ്റർമാരിൽ നിന്നും കലക്ട് ചെയ്ത പ്ലാസ്റ്റിക് വേസ്റ്റ് (ടണ്ണിൽ)

| ക്രമ നമ്പർ | പ്ളാസ്റ്റിക് ഇനം | അളവ് |
|---|---|---|
| | | |

25. ആകെ കലക്ട് ചെയ്ത പ്ലാസ്റ്റിക് വേസ്റ്റ് (ടണ്ണിൽ)

| ക്രമ നമ്പർ | പ്ലാസ്റ്റിക് ഇനം | അളവ് |
|---|---|---|
| | | |

26. കാലയളവിൽ റീ സൈക്ളിങ്ങിനായി കൈയൊഴിഞ്ഞ പ്ലാസ്റ്റിക് വേസ്റ്റ് (ടണ്ണിൽ)

| ക്രമ നമ്പർ | പ്ലാസ്റ്റിക് ഇനം | അളവ് |
|---|---|---|
| | | |

27. കാലയളവിൽ റീ യൂസിനായി കൈയൊഴിഞ്ഞ പ്ലാസ്റ്റിക് വേസ്റ്റ് (ടണ്ണിൽ)

| ക്രമ നമ്പർ | പ്ലാസ്റ്റിക് ഇനം | അളവ് |
|---|---|---|
| | | |

28. കാലയളവിൽ ലാന്റ് ഫില്ലിനായി കൈയൊഴിഞ്ഞ പ്ലാസ്റ്റിക് വേസ്റ്റ് (ടണ്ണിൽ)

| ക്രമ നമ്പർ | പ്ലാസ്റ്റിക് ഇനം | അളവ് |
|---|---|---|
| | | |

29. കാലയളവിൽ മറ്റിനങ്ങൾക്കായി (വിശദമാക്കുക)കൈയൊഴിഞ്ഞ പ്ലാസ്റ്റിക് വേസ്റ്റ് (ട ണ്ണിൽ)

| ക്രമ നമ്പർ | പ്ലാസ്റ്റിക് ഇനം | അളവ് |
|---|---|---|
| | | |

30. കാലയളവിൽ കൈയൊഴിഞ്ഞ ആകെ പ്ലാസ്റ്റിക് വേസ്റ്റ് (ടണ്ണിൽ)

| ക്രമ നമ്പർ | പ്ലാസ്റ്റിക് ഇനം | അളവ് |
|---|---|---|
| | | |

31. സ്റ്റോക്കിൽ ബാക്കിയുള്ള പ്ലാസ്റ്റിക് വേസ്റ്റ് (ടണ്ണിൽ)

| ക്രമ നമ്പർ | പ്ലാസ്റ്റിക് ഇനം | അളവ് |
|---|---|---|
| | | |

32. പ്ലാസ്റ്റിക് വേസ്റ്റ് സംസ്കരണത്തിനും തീർപ്പാക്കുന്നതിനുമായി ഏർപ്പെടുത്തിയി ട്ടുള്ള സംവിധാനങ്ങൾ

| | സംവിധാനം 1 | സംവിധാനം 2 | സംവിധാനം 3 |
|---|---|---|---|
| ഓപ്പറേറ്ററുടെ പേര് | | | |
| മേൽവിലാസം | | | |
| ടെലിഫോൺ നമ്പർ | | | |
| മൊബൈൽ നമ്പർ | | | |
| സംവിധാനത്തിന്റെ ശേഷി | | | |
| ഉപയോഗിക്കുന്ന സാങ്കേതിക വിദ്യ | | | |
| പിസി ബി രജിസ്ട്രേഷൻ നമ്പർ | | | |
| രജിസ്ട്രേഷൻ കാലാവധി | | | |

33. പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റിനായി ഏർപ്പെടുത്തിയ മനുഷ്യ വിഭവ ശേഷി

| | |
|---|---|
| തെരുവ് ശുചീകരണത്തിന് ഏർപ്പെടുത്തിയ ജീവനക്കാരുടെ എണ്ണം | |
| പ്ലാസ്റ്റിക് വേസ്റ്റ് ശേഖരണത്തിന് ഏർപ്പെടുത്തിയ ജീവനക്കാരുടെ എണ്ണം | |
| പ്ലാസ്റ്റിക് വേസ്റ്റ് വിവിധ തരം കണക്കാക്കി തരം തിരിക്കുന്നതിന് ഏർപ്പെടുത്തിയ ജീവനക്കാരുടെ എണ്ണം | |
| രണ്ടാം ഘട്ട സൂക്ഷിപ്പിനായി ഏർപ്പെടുത്തിയ ജീവനക്കാരുടെ എണ്ണം | |
| പ്ലാസ്റ്റിക് വേസ്റ്റ് ട്രാൻസ്പോർ ട്ടേഷന് ഏർപ്പെടുത്തിയ ജീവനക്കാരുടെ എണ്ണം | |
| പ്ലാസ്റ്റിക് വേസ്റ്റ് സംസ്ക്കരണത്തിന് ഏർപ്പെടുത്തിയ ജീവനക്കാരുടെ എണ്ണം | |

34. ഗ്രാമ പഞ്ചായത്ത്/നഗരസഭ അടക്കമുള്ള ഔദ്യോഗിക സംവിധാനങ്ങളുടെ സഹകരണം സംബന്ധിച്ച അഭിപ്രായക്കുറിപ്പ്.

35. പ്ളാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റിൽ നേരിടുന്ന പ്രശ്നങ്ങളും പ്രതിസന്ധികളും

സ്ഥലം ;

തീയതി ; ചുമതലപ്പെട്ട അധികാര സ്ഥാനത്തിന്റെ ഒപ്പ്, പേര്, സ്ഥാനം

(ഓഫീസ് മുദ്ര)